**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6161** **17-03-2023 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തിന് പുനരുജ്ജീവന പരിവർത്തന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിനായി സമഗ്രമായ പുനരുജ്ജീവന പരിവർത്തന പാക്കേജ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവത്ക്കരണത്തിലൂടെയും ഉല്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപന ങ്ങളുടെയും പശ്ചാത്തല വികസനവും യന്ത്രവത്ക്കരണവും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഡീഫൈബറിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ –യുടെ നേതൃത്വത്തിൽ വൈവിധ്യവത്ക്കരണത്തിന്റെ സാധ്യതകൾ പ്രയോഗവത്ക്കരിക്കുന്നതിനായുള്ള പഠനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ